**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1566** **19-06-2024 - ൽ മറുപടിയ്ക്ക്**

**ഭൂപരിഷ്കരണ നിയമം മറികടന്ന് പരിവർത്തനം നടത്തിയ തോട്ടം ഭൂമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പി. അനിൽ കുമാർ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഭൂപരിഷ്കരണ നിയമം മറികടന്ന് എത്ര ഏക്കർ തോട്ടം ഭൂമി പരിവർത്തനം നടത്തിയിട്ടുണ്ട്; ഇത് സംബന്ധിച്ച് സർക്കാരിന്റെ കൈവശം കണക്കുണ്ടോയെന്ന് വിശദമാക്കാമോ; | (എ) | 1963-ലെ കേരള ഭൂപരിഷ്കരണ നിയമത്തിലെ വകുപ്പ് 81 പ്രകാരം തോട്ടമായി ഇളവ് ലഭിച്ച ഭൂമി തരം മാറ്റം നടത്തിയതിന്മേൽ താലൂക്ക് ലാൻഡ് ബോർഡുകളിൽ മിച്ചഭൂമി കേസുകൾ നിലവിലുള്ളതാണ്. ആയതിൽ നടപടികൾ പൂർത്തിയാക്കി ഉത്തരവ് പുറപ്പെടുവിക്കുന്ന മുറയ്ക്ക് മാത്രമേ തരം മാറ്റപ്പെട്ട ഭൂമിയുടെ കൃത്യമായ വിസ്തൃതി കണ്ടെത്തുവാൻ സാധിക്കുകയുള്ളൂ. |
| (ബി) | തോട്ടം ഭൂമി പരിവർത്തനപ്പെടുത്തിയതിനെതിരെ താലൂക്ക് ലാൻഡ് ബോർഡുകൾ എത്ര കേസുകൾ എടുത്തു; വിശദവിവരം ലഭ്യമാക്കാമോ? | (ബി) | തോട്ടഭൂമി പരിവർത്തനം നടത്തിയാൽ, കേരള ഭൂപരിഷ്കരണ നിയമം വകുപ്പ് 87 Explanation II പ്രകാരമാണ് നടപടി സ്വീകരിയ്ക്കുന്നത്. സംസ്ഥാനത്തെ താലൂക്ക് ലാൻഡ് ബോർഡുകളിൽ അപ്രകാരമുള്ള 28 കേസുകൾ വിചാരണയിലുണ്ട്. |

സെക്ഷൻ ഓഫീസർ